# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4202 — 28/06/2012 -ൽ മറുപടിക്ക്

## സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻനായർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റുകൾ സർക്കാർ ഏജൻസികൾക്ക് ഓൺ ലൈനിലൂടെ പരിശോധിക്കാനുള്ള എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;<br><br>(ബി) ഇല്ലെങ്കിൽ ഇത്തരം ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ; | (എ) ആന്റ് (ബി)<br>സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റുകൾ ഓൺ ലൈനിലൂടെ പരിശോധിക്കാനുള്ള ഒരു സംവിധാനം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ സെക്യൂരിറ്റി ആഡിറ്റിംഗ്, STQC (സോഫ്റ്റ്‌വെയർ ടെസ്റ്റിംഗ് ക്വാളിറ്റി കൺട്രോൾ) യിൽ ടെസ്റ്റിംഗ് നടന്നു കൊണ്ടിരിക്കുകയാണ്. പൂർത്തിയാകുന്ന മുറയ്ക്ക് ഈ സംവിധാനം നിലവിൽ വരുന്നതാണ്. |
| (സി) ഏതെല്ലാം സർക്കാർ ഏജൻസികൾക്കാണ് പരിശോധിക്കാൻ സാധിക്കുന്നത് ; വിശദമാക്കുമോ ; | (സി) പബ്ലിക് സർവ്വീസ് കമ്മീഷൻ, നോർക്ക, പാസ്പോർട്ട് ഓഫീസ്, ഡിഫൻസ് എന്നീ വിഭാഗങ്ങൾക്കാണ് ആദ്യഘട്ടത്തിൽ പരിശോധിക്കാൻ സൗകര്യം ലഭിക്കുന്നത്. |
| (ഡി) ഈ സംവിധാനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ ? | (ഡി) ഓൺലൈൻ വെരിഫിക്കേഷന്റെ ഭാഗമായി വ്യാജ സർട്ടിഫിക്കറ്റുകൾ കണ്ടുപിടിക്കുന്നതിനും അത്തരക്കാർക്കെതിരെ നടപടി എടുക്കുന്നതിനും സാധിക്കും. ആധികാരികതാ പരിശോധനയ്ക്കുവേണ്ടി പരീക്ഷാ ഭവനിൽ ലഭിക്കുന്ന തപാലുകളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകാനുള്ള സമയദൈർഘ്യം ഒഴിവാക്കാനാവും. |

സെക്ഷൻ ഓഫീസർ